പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

03.12.2018-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1265

## ഇലക്ട്രിക്കൽ വിഭാഗം തസ്തിക സൃഷ്ടിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| പൊതുമരാമത്ത് വകുപ്പിൽ ഇലക്ട്രിക്കൽ വിഭാഗത്തിന് ചീഫ് എഞ്ചിനീയർ തസ്തികയും കണ്ണൂർ ജില്ലയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയും ഉൾപ്പെടെ ഇലക്ട്രിക്കൽ വിഭാഗത്തിന് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | പൊതുമരാമത്ത് വകുപ്പിൽ ഇലക്ട്രിക്കൽ വിഭാഗത്തിന് ചീഫ് എഞ്ചിനീയർ തസ്തികയും കണ്ണൂർ ജില്ലയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയും ഉൾപ്പെടെ ഇലക്ട്രിക്കൽ വിഭാഗത്തിന് ആകെ 425 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ പൊതുമരാമത്ത് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശയിന്മേലുള്ള നടപടികളുടെ ആദ്യപടിയായി സെക്രട്ടേറിയറ്റ് അനക്സ് അഡീഷണൽ ബ്ലോക്കിൽ മൂന്ന് ഒന്നാം തരം ഓവർസിയറുടെയും, ഒരു രണ്ടാംതരം ഓവർസിയറുടെയും, 4 ലൈൻമാന്റെയും തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കി തസ്തികകൾ സൃഷ്ടിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ